ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉദ്ദേശം ആറു ലക്ഷത്തോളം രൂപ നീക്കിവയ്ക്കേണ്ടിവന്നു. നീക്കി വച്ചിട്ടുള്ളതാണ്. ബഡ്ഡറ്റ് തയ്യാറാക്കാത്തതുകൊണ്ടാണ്.

(ഡി) ഇല്ല.

റബ്ബർ പ്ലാന്റേഷൻ ലോൺ

* 842. [13] ശ്രീ. പി. സി. രാഘവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ കൃഷിക്കുള്ള ലോണിനുവേണ്ടി അപേക്ഷിച്ചവരിൽ അധികംപേർക്കും നിശ്ചിത തുക അവധി കഴിഞ്ഞിട്ടും ഇനിയും കൃത്യമായി അനുവദിച്ച് കിട്ടുന്നില്ലെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യമായ എല്ലാ രേഖകളും സർട്ടിഫിക്കറ്റുകളും തക്കസമയത്തു് അയച്ചുകൊടുത്തിട്ടും ഇനിയും സംഖ്യ അനുവദിച്ചിട്ടില്ലാത്ത എത്ര കേസുകൾ ജില്ലാ അടിസ്ഥാനത്തിൽ നിലവിലുണ്ട് ;

(സി) ഇവർക്ക് കഴിയുന്ന വേഗത്തിൽ ലോൺ അനുവദിച്ചുകൊടുക്കാനുള്ള സത്വരനടപടികളെടുക്കാൻ ദയവുണ്ടാകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) പ്രസ്തുത പദ്ധതിപ്രകാരമുള്ള ചട്ടങ്ങളും നിർദ്ദേശങ്ങളുമനുസരിച്ച് അപേക്ഷിച്ചവർക്കെല്ലാം സമയത്തുതന്നെ ലോൺ കൊടുത്തിട്ടുണ്ട്.

(ബി) ചട്ടപ്രകാരമുള്ള രേഖകളും സർട്ടിഫിക്കറ്റും ഹാജരാക്കി അപേക്ഷിച്ചവരിൽ ആർക്കും ലോൺ അനുവദിക്കാതിരുന്നിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കൃഷ്ണൻ : അലോട്ട് ചെയ്തിട്ടുള്ള ബ്ലോക്കുകളിൽ ഏതിലെങ്കിലും പണം വാങ്ങിയിട്ട് നിർദ്ദേശമനുസരിച്ച് കൃഷി ചെയ്യാതെ ഭൂമി വെറുതേയിട്ടിരിക്കുന്നതിനെപ്പറ്റി ഗവണ്മെന്റു് വല്ല കണക്കുമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആ കാര്യത്തെപ്പറ്റി അന്വേഷിക്കുമോ ;

ശ്രീ. ഈ. പി. പൗലോസ് : കുറേ ആളുകൾ അങ്ങനെ കൃഷി ചെയ്യാതെ ഇരുപ്പുണ്ട്. അവർക്ക് കൊടുത്തിട്ടുള്ള ലോണിനെ സംബന്ധിച്ച് ഒരു തീരുമാനവും എടുക്കാതെ മറ്റൊന്നും ചെയ്യാൻ നിവൃത്തിയില്ല. ആ കണക്ക് അന്വേഷിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : 1963–64-ൽ ഭൂമി കൊടുക്കാമെന്നു പറഞ്ഞ് അപേക്ഷകൾ ക്ഷണിച്ചവരുണ്ടായോ; എത്ര അപേക്ഷകൾ ആ കാലയളവിൽ ലഭിച്ചു; അപേക്ഷകർക്ക് ഭൂമി കൊടുക്കാൻ ഒരുക്കമില്ലെന്നു വന്നതിനു ശേഷം അവർക്ക് ഹർജി അയക്കുന്നതിനും മറ്റും ചെലവായിട്ടുള്ള സംഖ്യ തിരിച്ചുകിട്ടണമെന്നുള്ള നിലയിൽ വല്ലവരും അപേക്ഷിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : തിരിച്ചു കിട്ടണമെന്നു അപേക്ഷിച്ചതായി ഞാൻ ഓർക്കുന്നില്ല. എത്ര പേർ അപേക്ഷിച്ചു എന്നും എണ്ണിക്കൊണ്ടാണ് കൊടുക്കാൻ സാധിക്കാതെ വന്നതെന്നുമുള്ള കാര്യത്തെപ്പറ്റി ഒന്നിലധികം പ്രാവശ്യം ഞാനിവിടെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. രാഘവൻനായർ: റബ്ബർ പ്ലാന്റേഷനു് ലോൺ ഭൂപണയ ബാങ്കു് മുഖേനയാണു കൊടുക്കുന്നതു്. ഭൂപണയബാങ്കിലേക്കു അപേക്ഷിച്ചിട്ടുള്ളതായ നൂറുകണക്കിനു അപേക്ഷകരുടെ അപേക്ഷകൾ അവിടെ കെട്ടിക്കിടക്കുകയാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിക്കിടക്കുന്നതായ അപേക്ഷകളെല്ലാംതന്നെ തക്കതായ രേഖകളോടുകൂടി അപേക്ഷിച്ചിട്ടുള്ളതല്ല എന്നുള്ള അഭിപ്രായത്തിലാണോ ഗവണ്മെന്റു എത്തിയിട്ടുള്ളതു്?

ശ്രീ. ഈ. പി. പൗലോസു്: ഭൂപണയ ബാങ്കുകൾ മുഖാന്തിരം കൊടുക്കുന്നതു സഹകാര്യപ്രമിയുടമസ്ഥന്മാരാണു്. അതു ഗവണ്മെന്റിൽനിന്നു കൊടുക്കുന്നതല്ല. അതൊരു പ്രത്യേക വിഭാഗമാണു്. അതിൽ കുറെ താമസം ഭൂപണയ ബാങ്കുകളിൽ വന്നിട്ടുണ്ടു്. ഗവണ്മെന്റു ഈ ജോലി ത്വരിതപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്. കൂടുതൽ വേഗത്തിൽ ഈ അപേക്ഷകൾ തീരുമാനം ചെയ്യുന്നതു് സൗകര്യമായിരിക്കുമെന്നു ഗവണ്മെന്റിനു അഭിപ്രായമുണ്ടു്. പക്ഷേ സാധാരണ കടം കൊടുക്കുന്നതിനുള്ള എല്ലാ ഔപചാരികമായ അന്വേഷണങ്ങളും വിവരങ്ങളും ഈ ലോൺ കൊടുക്കുന്നതിനെ സംബന്ധിച്ചു് ആവശ്യമായതുകൊണ്ടു് കുറെ താമസം വരുന്നുണ്ടു്.

വില്ലേജു് കോടതി നിയമം.

* 843. [8] ശ്രീ. എം. നാരായണക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റു പാസാക്കിയ വില്ലേജു് കോടതി നിയമവും പണമിടപാടു നിയമവും നടപ്പാക്കാത്തതു് എന്തുകൊണ്ടു്;

(ബി) എന്നേക്കു് നടപ്പിലാക്കും?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) തിരഞ്ഞെടുക്കപ്പെട്ടപഞ്ചായത്തുകൾ നിലവിലില്ലാതിരുന്നതിനാൽ വില്ലേജുകോടതി നിയമം നടപ്പാക്കാൻ സാധിച്ചിട്ടില്ല. തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ 1-1-1964 മുതൽ നിലവിൽ വന്നിട്ടുള്ളതുകൊണ്ടു് പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. ചട്ടങ്ങൾ പൂർത്തിയായാൽ പണമിടപാടു നിയമം പ്രാബല്യത്തിൽ വരുന്നതാണു്.

(ബി) കഴിയുന്നത്ര വേഗത്തിൽ നടപ്പാക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഈ പണമിടപാടു നിയമം ഉൗർജ്ജിതത്തിൽ കൊണ്ടുവരാൻവേണ്ടി മുന്നാലു കൊല്ലം മുൻപു് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതാണു്. അതിന്റെ എന്തെങ്കിലും നടപടി മുമ്പോട്ടു പോയിട്ടുണ്ടോ; ബാങ്കു് ഉടമകളുടെ സമ്മർദ്ദംകൊണ്ടാണു് ഇതു നടപ്പിലാക്കാത്തതെന്നു പറയുന്നതു ശരിയാണോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതു ശരിയല്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: 1958-ൽ ഈ നിയമം പാസായിട്ടുള്ളതാണു്. ആറു കൊല്ലമായിട്ടും പണമിടപാടു നിയമത്തിന്റെ ചട്ടങ്ങൾ തയ്യാറായിട്ടില്ലെന്നു പറയുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇതിന്റെ ചട്ടങ്ങളുണ്ടാക്കുന്നതിനു കാലതാമസം നേരിട്ടതു് അതിനെ സംബന്ധിച്ചു് വീണ്ടും വീണ്ടും പല നിവേദനങ്ങളും വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതുകൊണ്ടാണു്. കഴിയുന്നത്ര വേഗത്തിൽ അതു നടപ്പാക്കാം.

ശ്രീ. പി. കെ. അബ്ദുൽഖാദർ: വില്ലേജു് കോടതി നിയമം പാസാക്കിയിട്ടു് എത്ര വർഷമായി?

LIBRARY ARCHIVES Kerala Legislative Assembly